നകളെ വനാതിർത്തിയിൽ തന്നെ തടഞ്ഞുനിർത്തുന്നതിനുതകുന്ന വിധത്തിൽ വന പ്രദേശങ്ങളിൽ കിടങ്ങുകൾ, വൈദ്യുത കമ്പികൾ, വേലികൾ, മതിലുകൾ, കയ്യാലകൾ മുതലായവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ 211 കിലോമീറ്റർ നീളത്തിൽ വൈദ്യുത കമ്പി വേലിയും 126.59 കിലോമീറ്റർ നീളത്തിൽ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ ആക്രമങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശം, ആൾനാശം മുതലായവയ്ക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. നഷ്ടപരിഹാരമായി കഴിഞ്ഞ 4 വർഷമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു. 1995-96, 356 കേസ്സുകൾ, 11.1 ലക്ഷം രൂപ. 1996-97, 416 കേസ്സുകൾ, 7.18 ലക്ഷം രൂപ. 1997-98, 171 കേസ്സുകൾ, 55.26 ലക്ഷം രൂപ, 1998-99, 571 കേസ്സുകൾ, 552 ലക്ഷം രൂപ. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷികവിള നശിപ്പിക്കുന്നതിനെ സംബന്ധിച്ച് റാന്നി വനം വകുപ്പുദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കമ്പിവേലി കെട്ടേണ്ട സ്ഥലങ്ങൾ നിർണ്ണയിക്കുകയും അവ കെട്ടുന്നതിനുള്ള നടപടികൾ എടുത്തുവരികയുമാണ്. അപ്രകാരം റാന്നി ഡിവിഷനിൽ റാന്നി റെയ്ഞ്ചിൽപ്പെട്ട നടുത്തോട് ഭാഗത്ത് 0.5 കിലോമീറ്റർ നീളത്തിലും കുസുമം, നെല്ലിമല ഭാഗത്ത് 2.2 കിലോമീറ്റർ നീളത്തിലും മുള്ളുവേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ റാന്നി ഡിവിഷനിൽ 4.5 കിലോമീറ്റർ നീളത്തിൽ വൈദ്യുത കമ്പിവേലിയും നിർമ്മിച്ചിട്ടുണ്ട്. വന്യജീവികളിൽനിന്നും കർഷകർക്ക് ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കൂടുതൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വനത്തോടു ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിലെല്ലാം ഈ പ്രശ്നം നിലവിലുള്ളതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രശ്നത്തിന്റെ പ്രദേശിക രൂക്ഷതയനുസരിച്ചും നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും.

(11) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ബസ് സ്റ്റേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർകോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കാസർഗോട് ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ അടുത്തകാലത്താണ് ഒരു ജില്ലാ സ്റ്റേഷനായി ഉയർത്തിയത്. പുതിയ യാതൊരു വികസന പദ്ധതിയും ഇന്നുവരെ അവിടെ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. 3 വർഷം മുൻപ് കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചുവെങ്കിലും ഇന്നുവരെ അതിന്റെ പണി ആരംഭിച്ചിട്ടില്ല. വളരെയേറെ വരുമാനമാർഗ്ഗം കണ്ടെത്താനുള്ള ഏറ്റവും നല്ലൊരു സെന്ററാണത്. ആ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എത്രയും വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ കേരള-കർണ്ണാടക ഗവൺമെന്റുകൾ തമ്മിൽ ചർച്ച നടത്തി ഒട്ടേറെ ബസ്സ് റൂട്ടുകൾ ആരംഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടുപോലും പുതിയ ബസ്സ്റൂട്ടുകൾ ആരംഭിക്കാതെ കിടക്കുകയാണ്. അടിയന്തിരമായും ഇരു ഗവൺമെന്റുകളും തമ്മിൽ അന്തർ സംസ്ഥാന ബസ്സ് റൂട്ട് നിശ്ചയിച്ച് ആ റൂട്ടുകളിൽ അടിയന്തിരമായി ബസ്സുകൾ ഓടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനും വാണിജ്യ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുംവേണ്ടി മംഗലാപുരം, സുള്ളിയ, മണിപ്പാൽ തുടങ്ങിയ ഭാഗങ്ങളെ യാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കൂടുതൽ അന്തർസംസ്ഥാന ബസ്സുകൾ മംഗലാപുരത്തേയ്ക്കും സുള്ളിയയിലേയ്ക്കും മണിപ്പാലിലേയ്ക്കും അതുപോലെ മറ്റു വിദൂര സ്ഥലങ്ങളിലേയ്ക്കും ആരംഭിക്കുന്നതിനാവശ്യമായ നടപടി ഇരു ഗവൺമെന്റുകളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. അതുപോലെ കാസർഗോട് കെ.എസ്.ആർ.ടി.സി യൂണിറ്റിൽ ഏതാണ്ട് 86 ഓളം ഷെഡ്യൂളുകൾ നിലവിലുണ്ടെങ്കിലും അതിൽ ഇരുപതോളം ഷെഡ്യൂളുകൾ ഇപ്പോഴും മുടങ്ങിക്കിടക്കുകയാണ്. പഴയ ബസ്സുകളായതുകൊണ്ട് കേടുപാടു കാരണവും മറ്റ് പല കാരണങ്ങളാലും 20-ഓളം സർവ്വീസുകൾ മുടങ്ങിക്കിടക്കുകയാണ്. 7 ഷെഡ്യൂളുകൾ ഓടാതെതന്നെ കിടക്കുകയാണ്. അടിയന്തിരമായി ആ 7 ഷെഡ്യൂളുകളിൽ എല്ലാ ദിവസവും ബസ്സ് ഓടിക്കുന്നതിനും ഇടയ്ക്കിടയ്ക്കു മുടങ്ങുന്ന മറ്റ് ഷെഡ്യൂളുകൾ കൃത്യമായി ബസ്സ് ഓടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കൂടുതൽ ഷെഡ്യൂളുകൾ ആ ബസ്സ് സ്റ്റേഷനെ ജില്ലാ ഡിപ്പോയായി ഉയർത്തിയ സാഹചര്യത്തിൽ കൂടുതൽ ഷെഡ്യൂൾ ആരംഭിക്കാനും വളരെ പഴകിയതും റണ്ണിംഗ് കണ്ടിഷൻ അല്ലാത്തതുമായ ബസ്സുകൾമാറ്റി പുതിയ ബസ്സുകൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ തിരുവനന്തപുരം-കണ്ണൂർ സൂപ്പർഫാസ്റ്റ് ഡീലക്സ് ബസ്സ് ഇപ്പോൾ കണ്ണൂർ വരെ മാത്രമേ വരുന്നുള്ളൂ. അത് കാസർഗോട് വരെ നീട്ടാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കാസർഗോട് യൂണിറ്റിൽനിന്നും സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 44 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന കാസർഗോഡ് യൂണിറ്റിൽ ഇപ്പോൾ 84 ഷെഡ്യൂളുകൾ ആണ് ഉള്ളത്. 1-7-1999 മുതൽ ഈ ഡിപ്പോയെ ഡി.റ്റി ഓഫീസായി ഉയർത്തുകയും ചെയ്തു. കാസർഗോട് നിന്നുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ക്യാൻസൽ ചെയ്തിട്ടില്ല എന്നുമാത്രമല്ല കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തു. മുൻപ് കാസർഗോട്ടുനിന്നും മംഗലാപുരം സർവ്വീസ് മാത്രമേ ഓപ്പറേറ്റ് ചെയ്തിരുന്നുള്ളൂ. എന്നാൽ 23-10-1998-ൽ കർണ്ണാടക സർക്കാരുമായി ഏർപ്പെട്ട അന്തർ സംസ്ഥാന ഉടമ്പടിപ്രകാരം കാസർഗോട് നിന്നും ബാംഗ്ളൂർ വരെ രണ്ട് സർവ്വീസുകളും മംഗലാപുരത്തേയ്ക്ക് 20 സർവ്വീസുകളും സുബ്രഹ്മണ്യത്തേയ്ക്ക് 20 സർവ്വീസുകളും മർക്കാറയിലേയ്ക്ക് രണ്ട് സർവ്വീസുകളും പുതുതായി ആരംഭിക്കുകയുണ്ടായി. ബസ്സിന്റെ ലഭ്യത അനുസരിച്ച് സുള്ളിയ, മണിപ്പാൽ എന്നീ സ്ഥലങ്ങളിലും സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ട്. കാസർഗോഡ് ബസ്സ്സ്റ്റേഷനിൽ ഒരു ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ളക്സ് പണിയുന്നതിനുവേണ്ടി പ്ളാൻ തയ്യാറാക്കാൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത സ്ഥാപനം ഒരു 3 നില കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കി അംഗീകാരത്തിനായി കാസർഗോഡ് ഡെവലപ്മെന്റ്. അതോറിറ്റിക്ക് സമർപ്പിച്ചു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഭേദഗതി വരുത്തിയ പുതിയ കെട്ടിടനിയമം അനുസരിച്ച് മറ്റൊരു രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ചീഫ് ഠൗൺ പ്ലാനറുമായി ചർച്ച നടത്തി ജനുവരി മദ്ധ്യത്തോടുകൂടി പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly